## യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ പ്രതി പിടിയിൽ

കടമായി വാങ്ങിയ പൈസ തിരികെ ചോദിച്ചതിലുള്ള വൈരാഗ്യത്തിൽ യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ പ്രതി പിടിയിൽ. വേങ്ങൂർ തുരുത്തിക്കര തുരുത്തിമാലിൽ വീട്ടിൽ ഹിരൺചന്ദ് (23) എന്നയാളെയാണ് കുറുപ്പംപടി പോലീസ് പിടികൂടിയത്. തുരുത്തിക്കര സ്വദേശിയായ വിഷ്ണുവിനോട് ഹിരൺചന്ദ് മുൻമ്പ് പൈസ കടം വാങ്ങിയിരുന്നു പലപ്രാവശ്യം പൈസ തിരികെ അവശ്യപ്പെട്ടിട്ടും തിരികെ നൽകാത്തതിനെ തുടർന്ന് കഴിഞ്ഞ ദിവസം ഹിരൺചന്ദിന്റെ വീടിലെത്തി വിഷ്ണു പൈസ അവശ്യപ്പെടുകയായിരുന്നു. ഇതിൽ പ്രകോപിതനായ ഹിരൺചന്ദ് വീട്ടിൽ സൂക്ഷിച്ചിരുന്ന എയർ ഗൺ ഉപയോഗിച്ച് വിഷ്ണുവിനു നേരെ നിറയോഴിച്ചു. കഴുത്തിനു സമീപം വെടിയേറ്റ വിഷ്ണു ചികിത്സയിലാണ്. കുറുപ്പംപടി പോലീസ് ഇൻസ്പെക്ടർ ജെ.പ്രദീപിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘമാണ് പ്രതിയെ പിടികൂടിയത്.